**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2225

09.03.2018 ലെ മറുപടിയ്ക്ക്

## ജപ്തി നടപടികൾ നേരിടുന്നവർക്ക് കടാശ്വാസ പദ്ധതികൾ

**ചോദ്യം**
**ശ്രീ. പി.കെ. ബഷീർ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽ വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും മറ്റ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത്, ആയത് തിരിച്ചടയ്ക്കാൻ സാധിയ്ക്കാതെ ജപ്തി നടപടികൾ നേരിടുന്ന എത്ര കേസ്സുകൾ നിലവിലുണ്ട്; | (എ) & (ബി) | **പട്ടികജാതി വിഭാഗം**<br>പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ യെടുത്ത്, തിരിച്ചടയ്ക്കാൻ വീഴ്ചവരുത്തി ജപ്തി നടപടികൾ നേരിടുന്ന 3500 കേസുകൾ നിലവിലുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവരുടെ വിവരം ശേഖരിച്ചിട്ടില്ല<br>**പട്ടികവർഗ്ഗ വിഭാഗം**<br>വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത്, തിരിച്ചടയ്ക്കാതെ ജപ്തി നടപടികൾ നേരിടുന്ന പട്ടികവർഗ്ഗ ത്തിൽപ്പെട്ട 51 ഗുണഭോക്താക്കളുണ്ട്. |
| (ബി) | ഇതിൽ പട്ടികജാതിക്കാരുടേത് എത്ര യെണ്ണമെന്നും പട്ടികവർഗ്ഗക്കാരുടേത് എത്രയെണ്ണമെന്നും അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കാൻ എന്തെങ്കിലും കടാശ്വാസ പദ്ധതികൾ നിലവിലുണ്ടോ: ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | **<u>പട്ടികജാതി വിഭാഗം</u>**<br>പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ , സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/10 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 30/03/2015-ലെ സ.ഉ.(പി) നം.24/2015/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് പുറമേ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം മുതലിന്റെ ഇരട്ടി യെങ്കിലും തിരിച്ചടച്ച വായ്പകളിൽ കടാശ്വാസം അനുവദിയ്ക്കുന്നതിനും മുതലും മുതലിന്റെ പകുതിയും തിരിച്ചടച്ച കേസുകളിൽ ഇരട്ടിയെത്തുന്നതുവരെയുള്ള തുക 24 പ്രതിമാസ ഗഡുക്കളായി ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>**<u>പട്ടികവർഗ്ഗ വിഭാഗം</u>**<br>ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കാൻ സർക്കാരിന്റെ വിവിധ കടാശ്വാസ പദ്ധതികൾ നിലവിലുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും |

| | | | |
|---|---|---|---|
| | | | തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ ഇരട്ടി യെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും, പിഴപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഉത്തരവ് (പി) നം 118/2016/ധന തീയതി 20/08/2016 പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.<br>കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിട ങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01-04-2006 മുതൽ 31-03-2014 വരെയുള്ളകാലത്ത് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ ഒരു ലക്ഷം രൂപവരെയുള്ള ഇളവ് സ.ഉ.(അ)നമ്പർ 71/2015/പജപവവിവ തീയതി, 01-10-2015 പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ